ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.10.2026** | **പ്രധാന വാർത്തകൾ** | **TIME : 07.25 AM**

1. ഗാന്ധി സ്മരണയിൽ രാജ്യം; മഹാത്മാഗാന്ധിയുടെ 157-ാം ജന്മവാർഷികദിനത്തിൽ രാജ്യമെമ്പാടും വിപുലമായ പരിപാടികൾ.

   **Nation remembers Mahatma Gandhi on his 157th birth anniversary: Extensive programs organized across the country.**

2. മഹാനദി ജല തർക്കം പരിഹരിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ യോഗം ചേർന്നു.

   **Union Home Minister Amit Shah chairs high-level meeting in New Delhi to resolve Mahanadi water dispute.**

3. യുകെ, ഓസ്ട്രേലിയ രാജ്യങ്ങളുമായുള്ള വ്യാപാര ബന്ധം കൂടുതൽ വിപുലീകരിക്കുമെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ.

   **Union Minister Piyush Goyal pushes for faster expansion of India's trade ties with UK and Australia.**

4. ദിവ്യാംഗർക്ക് ടോൾ പ്ലാസകളിൽ നൽകുന്ന സൗജന്യ ഫാസ്ടാഗുകളുടെ കാലാവധി അഞ്ച് വർഷം വരെയായി ദീർഘിപ്പിച്ച് കേന്ദ്ര സർക്കാർ.

   **Government extends validity of exempted FASTag for Divyangjan to five years.**

5. 'നിർമലം' - പുതുയുഗ ശുചിത്വ കേരളം ക്യാമ്പയ്ൻ മുഖ്യമന്ത്രി വി.ഡി. സതീശൻ ഇന്ന് എറണാകുളത്ത് ഉദ്ഘാടനം ചെയ്യും.

Chief Minister V. D. Satheesan to launch 'Nirmalam' New-Age Clean Kerala Campaign in Ernakulam today.

6. ഏഷ്യൻ ഗെയിംസിൽ മെഡൽ കുതിപ്പ് തുടർന്ന് ഇന്ത്യ. മെഡൽ നേട്ടം 66 ആയി.

India's medal rush continues at the Asian Games; Total tally climbs to 66.

## GANDHI JAYANTI (INTRO)

ഇന്ന് ഗാന്ധി ജയന്തി. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 157-ാം ജന്മവാർഷികത്തിൽ രാജ്യം അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു. 1869 ഒക്ടോബർ 2-ന് ജനിച്ച മോഹൻദാസ് കരംചന്ദ് ഗാന്ധി ഇന്ത്യക്ക് മാത്രമല്ല ലോകത്തിനാകെ മാർഗ്ഗ ദീപമായിരുന്നു. സമാധാനത്തിന്റെയും അഹിംസയുടെയും സന്ദേശം ലോകത്തിന് സമ്മാനിച്ച ഗാന്ധിജിയോടുള്ള ആദരസൂചകമായി ഐക്യരാഷ്ട്രസഭ ഇതേ ദിവസം അന്താരാഷ്ട്ര അഹിംസാദിനമായി ആചരിക്കുന്നു. അഹിംസയുടെ പാതയിലൂടെ സഞ്ചരിച്ച് സമാനതകളില്ലാത്ത സഹനസമര മാതൃക തീർത്ത് ലോകരാജ്യങ്ങൾക്ക് മാതൃകയായി മാറിയ വ്യക്തിത്വമാണ് ഗാന്ധിജി.

ഒരു റിപ്പോർട്ട്....

*(വോയിസ്)*

*സമാധാനത്തിന്റെയും അഹിംസയുടെയും സന്ദേശം ലോകത്തിന് സമ്മാനിച്ച മഹാത്മാ ഗാന്ധിയുടെ ഓർമ്മ അനുസ്മരിക്കാനാണ് രാജ്യം ഒന്നാകെ ഗാന്ധി ജയന്തി ആചരിക്കുന്നത്. ഗാന്ധിജയന്തിയോടനുബന്ധിച്ച് രാജ്യമെമ്പാടും വിപുലമായ ആഘോഷ പരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്. മഹാത്മാ ഗാന്ധിയുടെ സമാധി സ്ഥലമായ രാജ്ഘട്ടിൽ സർവ്വധർമ്മ പ്രാർത്ഥനാ യോഗം*

*സംഘടിപ്പിക്കും. ഗാന്ധി ജയന്തിയോടനുബന്ധിച്ച് രാജ്യത്തുടനീളം പ്രത്യേക ഗ്രാമസഭകൾ ചേരും. സബ് കി യോജന, സബ് ക വികാസ് പരിപാടിയുടെ ഉദ്ഘാടനവും നടക്കുമെന്ന് ഗ്രാമവികസന മന്ത്രാലയം അറിയിച്ചു. പഞ്ചായത്തുകളെ ശക്തിപ്പെടുത്തുക, പൊതു സേവനങ്ങൾ മെച്ചപ്പെടുത്തുക, ഗ്രാമീണ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്നിവ സംബന്ധിച്ച ചർച്ചകളും നടക്കും. രാജ്യത്തുടനീളവും വിദേശത്തുള്ള ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളിലും ഗാന്ധി ജയന്തി ദിനത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. രാഷ്ട്രപതി ദ്രൗപദി മുർമു രാജ്യത്തെ ജനങ്ങൾക്ക് ഗാന്ധി ജയന്തി ദിനാശംസകൾ നേർന്നു. മഹാത്മാഗാന്ധിയുടെ സമാധാനത്തിന്റെയും അഹിംസയുടെയും സന്ദേശം എക്കാലവും പ്രസക്തമാണെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു. ഗാന്ധിജയന്തി ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് തിരുവനന്തപുരം കിഴക്കേകോട്ട ഗാന്ധിപാർക്കിൽ മന്ത്രി കെ. മുരളീധരൻ നിർവഹിക്കും.*

***ന്യൂസ് ഡെസ്ക് ആകാശവാണി....***

**************************************

# LAL BAHADUR SHASTRI

മുൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയുടെ 122-ാം ജന്മവാർഷികത്തിൽ, ശ്രദ്ധാഞ്ജലി അർപ്പിച്ച്, രാജ്യം. 1904 ഒക്ടോബർ 2-ന് ഉത്തർപ്രദേശിൽ ജനിച്ച അദ്ദേഹം, കൗമാരപ്രായത്തിൽ തന്നെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കുചേർന്നു. 1921-ലെ നിസ്സഹകരണ പ്രസ്ഥാനത്തിൽ സജീവപങ്കാളിയായിരുന്നു. 1965-ലെ യുദ്ധത്തിൽ രാജ്യത്തെ നയിച്ച "ജയ് ജവാൻ, ജയ് കിസാൻ" എന്ന അദ്ദേഹത്തിന്റെ മുദ്രാവാക്യം ഏറെ പ്രശസ്തമാണ്.

**************************************

# DELHI TRAFFIC POLICE - ADVISORY

ഗാന്ധി ജയന്തിയോടനുബന്ധിച്ച് രാജ്ഘട്ടിലും, മുൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയുടെ ജന്മദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട് വിജയ് ഘട്ടിലും നടക്കുന്ന പരിപാടികളുടെ പശ്ചാത്തലത്തിൽ ഡൽഹി പോലീസ് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. രാവിലെ 11 മണി വരെ രാജ്ഘട്ട്, റിങ് റോഡ് മേഖലകളിൽ ഗതാഗതം നിയന്ത്രിക്കുമെന്ന് പോലീസ് അറിയിച്ചു.

*************************************

## PM - UPSC

രാജ്യം പരിവർത്തനനത്തിന്റെ പാതയിൽ അതിവേഗം വളരുകയാണെന്നും, പരീക്ഷാ നടത്തിപ്പ് ചുമതലയുള്ള സ്ഥാപനങ്ങൾ രാഷ്ട്രത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായ പരിഷ്കരണ നടപടികൾ സ്വീകരിക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷന്റെ ശതാബ്ദി ആഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഇന്ത്യ പുതിയ തൊഴിൽ സംസ്കാരവുമായി മുന്നേറുകയാണെന്നും, ജനക്ഷേമം മുൻനിർത്തിയുള്ള കാര്യക്ഷമമായ ഭരണനിർവ്വഹണമാണ് അതിന്റെ അടിസ്ഥാന തത്വമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

*************************************

## MAHANADI WATER DISPUTE

ഛത്തീസ്ഗഢും ഒഡീഷയും തമ്മിൽ ദീർഘകാലമായി നിലനിൽക്കുന്ന മഹാനദി ജല തർക്കം പരിഹരിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ യോഗം ചേർന്നു. ഛത്തീസ്ഗഢ് മുഖ്യമന്ത്രി വിഷ്ണു ദേവ് സായിയും ഒഡീഷ മുഖ്യമന്ത്രി മോഹൻ ചരൺ മാജിയും പങ്കെടുത്തു. മഴയില്ലാത്തപ്പോൾ ഒഡീഷയിലേക്കുള്ള ജലത്തിന്റെ ഒഴുക്കിനെ, ഛത്തീസ്ഗഢിൽ മഹാനദിയുടെ ഉപരിഭാഗത്ത് നിർമ്മിക്കുന്ന ജലപദ്ധതികൾ ബാധിക്കുമെന്ന്

ഒഡീഷ വാദിച്ചു. അതേസമയം, തങ്ങളുടെ വെള്ളത്തിന്റെ വിഹിതം കൃഷി, വ്യവസായം, ഗാർഹിക ജോലികൾ എന്നിവയ്ക്കായി ആവശ്യമുണ്ടെന്നാണ് ഛത്തീസ്ഗഢിന്റെ നിലപാട്. എന്നാൽ കേന്ദ്ര ജല കമ്മീഷൻ എടുക്കുന്ന ഏത് തീരുമാനവും അംഗീകരിക്കുമെന്നും ഇരു സംസ്ഥാനങ്ങളും കമ്മീഷന് രേഖാമൂലം ഉറപ്പ് നൽകി.

************************************

## PIYUSH GOYAL-UK, AUSTRALIA G20

യുകെ, ഓസ്ട്രേലിയ രാജ്യങ്ങളുമായുള്ള ഇന്ത്യൻ വ്യാപാര ബന്ധം കൂടുതൽ വിപുലീകരിക്കുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. അമേരിക്കയിൽ നടക്കുന്ന ജി20 വ്യാപാര മന്ത്രിമാരുടെ യോഗത്തോടനുബന്ധിച്ച് ഇരുരാജ്യങ്ങളിലെയും വാണിജ്യ മന്ത്രിമാരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. യുകെ വ്യാപാര പ്രതിനിധി ജോനാഥൻ റെയ്നോൾഡ്സുമായി നടത്തിയ കൂടിക്കാഴ്ചയിൽ, ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക വ്യാപാര കരാർ ശ്രീ ഗോയൽ അവലോകനം ചെയ്തു. ഇന്ത്യ-ഓസ്ട്രേലിയ സമഗ്ര സാമ്പത്തിക സഹകരണ കരാർ സംബന്ധിച്ചും ഉഭയകക്ഷി ചർച്ചകൾ നടന്നു.

************************************

## FASTags

ദിവ്യാംഗർക്ക് ടോൾ പ്ലാസകളിൽ നൽകുന്ന സൗജന്യ ഫാസ്ടാഗുകളുടെ കാലാവധി ഒരു വർഷത്തിൽ നിന്ന്, അഞ്ച് വർഷം വരെയായി ദീർഘിപ്പിച്ച് കേന്ദ്ര സർക്കാർ. ദിവ്യാംഗർക്ക് ഫാസ്ടാഗുകൾ നൽകുന്നതിനും പുതുക്കുന്നതിനുമുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഇന്ന് മുതൽ പ്രാബല്യത്തിൽ വരും. പുതിയ ചട്ടങ്ങൾ പ്രകാരം, ശാരീരിക വൈകല്യമുള്ളവർക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത വാഹനങ്ങൾക്കും ദിവ്യാംഗരുടെ ഉടമസ്ഥതയിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾക്കും സൗജന്യ ഫാസ്ടാഗ് അനുവദിക്കും.

വൈകല്യ സർട്ടിഫിക്കറ്റിലോ UDID കാർഡിലോ രേഖപ്പെടുത്തിയിട്ടുള്ള വൈകല്യത്തിന്റെ ശതമാനം അടിസ്ഥാനമാക്കിയായിരിക്കും ഇത് നൽകുക.

************************************

## SPECIAL STORY - PAMBAN BRIDGE (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും ജൻ സേവ് സേ ദേശ് സേവ അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. രാമേശ്വരത്തെ നവീകരിച്ച പാമ്പൻ പാലത്തിനെക്കുറിച്ചാണ് ജൻ സേവ് സേ ദേശ് സേവ അഭിയാൻ പ്രത്യേക പരമ്പരയിൽ, ഇന്ന്.

**വിശദാംശങ്ങളിലേക്ക്........**

*(ഹോൾഡ് വോയ്സ്.........)*

*ഇന്ത്യയിലെ ആദ്യത്തെ വെർട്ടിക്കൽ ലിഫ്റ്റ് റെയിൽവേ കടൽ പാലമായ നവീകരിച്ച പാമ്പൻ പാലം കഴിഞ്ഞ വർഷം ഏപ്രിൽ 6-നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിന് സമർപ്പിച്ചത്. ശ്രീലങ്കയുമായുള്ള വ്യാപാര ബന്ധം വ്യാപിപ്പിക്കുന്നതിനായി 1870-കളിൽ നിർമ്മാണം ആരംഭിച്ച് 1914-ൽ കമ്മീഷൻ ചെയ്ത പഴയ ചരിത്രപ്രസിദ്ധമായ പാലത്തിന് പകരമാണ് അത്യാധുനിക സൗകര്യങ്ങളോടെ ഈ പുതിയ എഞ്ചിനീയറിംഗ് അത്ഭുതം യാഥാർത്ഥ്യമാക്കിയത്. 143 പിയറുകളിലായി 2.2 കിലോമീറ്റർ നീളമുണ്ടായിരുന്ന പഴയ പാലം, ധനുഷ്കോടിയെ തകർത്ത വലിയ ചുഴലിക്കാറ്റുകളെ പോലും അതിജീവിച്ച ഒന്നായിരുന്നു. വെർട്ടിക്കൽ ലിഫ്റ്റ് സംവിധാനമാണ് പാലത്തിന്റെ പ്രധാന ആകർഷണം. ഇതിലുള്ള 72.5 മീറ്റർ നീളമുള്ള സെൻട്രൽ സ്പാൻ, കടലിലൂടെ വലിയ കപ്പലുകൾ വരുമ്പോൾ അവയ്ക്ക് കടന്നുപോകാനായി ലംബമായി മുകളിലേക്ക് ഉയരും.*
***ന്യൂസ് ഡെസ്ക് ആകാശവാണി....***

************************************

## CLEAN KERALA

കേരളത്തെ സമ്പൂർണ ശുചിത്വത്തിലേക്ക് നയിക്കുന്നതിന് അഞ്ച് വർഷം നീണ്ടുനിൽക്കുന്ന 'നിർമലം' - പുതുയുഗ ശുചിത്വ കേരളം ക്യാമ്പയിന് ഇന്ന് തുടക്കം. ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ എറണാകുളത്ത് നിർവഹിക്കും. 2031 മാർച്ച് 30 ഓടെ കേരളത്തെ സമ്പൂർണ മാലിന്യ വിമുക്ത സംസ്ഥാനമാക്കി മാറ്റുക എന്നതാണ് ക്യാമ്പയിന്റെ ലക്ഷ്യം.

************************************

## ASIAN GAMES

ഏഷ്യൻ ഗെയിംസിൽ മെഡൽ വേട്ട തുടർന്ന് ഇന്ത്യ. 10 സ്വർണം, 23 വെള്ളി, 33 വെങ്കലം ഉൾപ്പെടെ 66 മെഡലുകളാണ് ഇന്ത്യ ഇതുവരെ സ്വന്തമാക്കിയത്. ഹോക്കി സെമിഫൈനലിൽ ഇന്ത്യൻ പുരുഷ ടീം പാക്കിസ്ഥാനെ പരാജയപ്പെടുത്തി ഫൈനലിൽ കടന്നു. പുരുഷ ക്രിക്കറ്റിലും ശ്രീലങ്കയെ പരാജയപ്പെടുത്തി ഇന്ത്യ ഫൈനലിൽ പ്രവേശിച്ചു. അമ്പെയ്ത്ത് വനിതകളുടെ റീക്കർവ് ഇനത്തിൽ സെമിഫൈനലിൽ ഇന്ത്യ വിജയിച്ചു. ഏഷ്യൻ ഗെയിംസിലെ മികച്ച പ്രകടനത്തിന് ഇന്ത്യൻ താരങ്ങൾക്ക് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ അഭിനന്ദനം അറിയിച്ചു.

************************************

## JR. ATHLETIC MEET

സംസ്ഥാന ജൂനിയർ അത്‌ലറ്റിക് മീറ്റ് ഇന്ന് കൊല്ലത്ത് ആരംഭിക്കും. ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിൽ മന്ത്രി ഒ. ജെ. ജനീഷ് ഉദ്ഘാടനം ചെയ്യും. അണ്ടർ 14 അണ്ടർ 16 അണ്ടർ 18 അണ്ടർ 20 അണ്ടർ 23 എന്നീ വിഭാഗങ്ങളിലെ പുരുഷ - വനിതാ കായികതാരങ്ങൾ പങ്കെടുക്കും. നാലുദിവസം കൊണ്ട് പൂർത്തിയാകുന്ന അത്ലറ്റിക് മീറ്റിൽ 3000 ത്തോളം കായികതാരങ്ങൾ മാറ്റുരയ്ക്കും.

**************************************

## MEA - CAPTAIN MACHCHHAR

ഫ്ലൈദുബായ് വിമാനത്തിൽ സഹപൈലറ്റിന്റെ ആക്രമണത്തെ ധീരമായി പ്രതിരോധിച്ച് യാത്രക്കാരുടെ ജീവൻ രക്ഷിച്ച ഇന്ത്യൻ പൈലറ്റ് ക്യാപ്റ്റൻ സ്മിത് മച്ചാറിന്റെ ആരോഗ്യനില സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് വിദേശകാര്യ മന്ത്രാലയം. സൗദി അറേബ്യയിലെ പ്രാഥമിക ചികിത്സയ്ക്ക് ശേഷം, വിദഗ്ധ പരിചരണത്തിനായി അദ്ദേഹത്തെ അബുദാബിയിലേക്ക് മാറ്റി. യു.എ.ഇയിലെ ഇന്ത്യൻ സ്ഥാനപതി ആശുപത്രിയിലെത്തി ക്യാപ്റ്റനെ സന്ദർശിച്ചു. ക്യാപ്റ്റൻ സ്മിത് മച്ചാറിന്റെ ധീരതയെയും സമയോചിതമായ ഇടപെടലിനെയും വിദേശകാര്യ മന്ത്രാലയം അഭിനന്ദിച്ചു.

**************************************

## VAISHNAW CONDOLENCES

ഐസ്വാളിന് സമീപമുണ്ടായ വാഹനാപകടത്തിൽ ഇംഫാൽ പി.ഐ.ബി എ.ഡി.ജി ഡോ. എംഗാം പാം, പ്രതിരോധ വകുപ്പ് പി.ആർ.ഓയും ദൂരദർശൻ മിസോറാം ഡയറക്ടറുമായിരുന്ന നാംപിബോ മാർമൈ, മറ്റൊരു ഉദ്യോഗസ്ഥനായ എച്ച്. ലിയാൻവാല എന്നിവർ മരിച്ച സംഭവത്തിൽ കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ് അനുശോചനം രേഖപ്പെടുത്തി.

**************************************

## CANADA-INDIA TRADE

ഇന്ത്യയും കാനഡയും തമ്മിലുള്ള സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിനായുള്ള അഞ്ചാം ഘട്ട ചർച്ചകൾ തിങ്കളാഴ്ച കാനഡയിലെ ഒട്ടാവയിൽ ആരംഭിക്കും. ഇന്ത്യയുമായുള്ള വ്യാപാരം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 7,000 കോടി ഡോളറായി ഉയർത്താൻ ലക്ഷ്യമിടുന്നതായി കാനഡയുടെ വ്യാപാര മന്ത്രി മനിന്ദർ സിദ്ധു അറിയിച്ചു. കഴിഞ്ഞ വർഷം നവംബറിൽ പ്രധാനമന്ത്രി നരേന്ദ്ര

മോദിയും കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയും നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് വ്യാപാര കരാർ ചർച്ചകൾ പുനഃരാരംഭിച്ചത്.